(ബി) പ്രസ്തുത മിഷൻവഴി ആരോഗ്യവകുപ്പിന്റെകീഴിൽ എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതികളെ സംബന്ധിച്ചുള്ള രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ;

(ഡി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതികൾ അനുബന്ധമായി നൽകിയിരിക്കുന്നു.*

(സി) ആരോഗ്യവകുപ്പ് മന്ത്രിയുടെ മേൽനോട്ടത്തിൽ ആരോഗ്യകേരളം-ബക്ഷേമ വകുപ്പിലെ എല്ലാ വകുപ്പുതലവൻമാരുടെയും ജില്ലാ മേധാവികൾ ഉൾപ്പെടെ എല്ലാ ഉന്നത ഉദ്യോഗസ്ഥരുടെയും കൂട്ടായ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ, ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ടാണ് മിഷൻ 676 പദ്ധതികളുടെ രൂപരേഖ തയ്യാറാക്കിയത്.

(ഡി) എല്ലാ മാസവും ആരോഗ്യവകുപ്പു മന്ത്രി നേരിട്ട് പദ്ധതികളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്യുവരുന്നു. ആരോഗ്യവകുപ്പ് സെക്രട്ടറി, ആരോഗ്യവകുപ്പ് ഡയറക്ടർ, എൻ.ആർ.എച്ച്.എം. മിഷൻ ഡയറക്ടർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥർ പദ്ധതികളുടെ മാസംതോറുമുള്ള പുരോഗതി വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പദ്ധതികളുടെ ചാർജ് വഹിക്കുന്ന എല്ലാ ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ഗവൺമെന്റ്തലത്തിൽ മാസംതോറും അവലോകന യോഗങ്ങളും ആവശ്യമായ ഇടപെടലുകളും നടത്തുകയും ചെയ്യുന്നു.

ഐക്കോൺസിന്റെ (ICCONS) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ

132.(797) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐക്കോൺസിന്റെ (ICCONS) തിരുവനന്തപുരം പുലയനാർ കോട്ടയിലെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ ഇഴഞ്ഞുനീങ്ങുന്നത് എന്തുകൊണ്ടാണ് ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഐക്കോൺസിന്റെ പ്രവർത്തനങ്ങൾക്കായി ഏതെല്ലാം ഏജൻസികളിൽ നിന്ന് എത്രയുക വീതം ഫണ്ട് ലഭിക്കുന്നുണ്ട്;

(സി) രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് എത്രയുകയാണ് ചെലവു വരുന്നത്;

(ഡി) ഐക്കോൺസിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ എത്രയുക വകയിരുത്തിയിരുന്നു; അതിൽ എത്രയുക വിനിയോഗിക്കാൻ കഴിഞ്ഞു ?

ഉത്തരം

(എ) തിരുവനന്തപുരം പുലയനാർകോട്ടയിലെ ഐക്കോൺസ് സെന്ററിൽ ഐ.പി. വാർഡ് ഉൾപ്പെടെയുള്ള രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ആവശ്യമായ മുഴുവൻ ഫണ്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതിയും ലഭിച്ചിട്ടില്ല.

(ബി) ഐക്കോൺസിന്റെ പ്രവർത്തനങ്ങൾക്കായി കേരള സർക്കാരിൽ നിന്നും തിരുവനന്തപുരം, ഷൊർണ്ണൂർ സെന്ററുകൾക്കായി പദ്ധതിയിനത്തിൽ 5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 186.85 ലക്ഷം രൂപയും 2015-16-ൽ വകയിരുത്തിയിട്ടുണ്ട്. മറ്റ് ഏജൻസികളിൽനിന്നും സഹായം ലഭിച്ചിട്ടില്ല.

(സി) ഐക്കോൺസിന്റെ തിരുവനന്തപുരം സെന്ററിന്റെ രണ്ടാംഘട്ട നിർമ്മാണ പ്രവർത്തനത്തിന് ഏകദേശം 5 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ഡി) ഐക്കോൺസിന്റെ വിവിധ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ 4.5 കോടി രൂപയും പദ്ധതിയേതരയിനത്തിൽ 172.5 ലക്ഷം രൂപയും അനുവദിച്ചിരുന്നു. ഇതിൽ പദ്ധതിയിനത്തിൽ 3.75 കോടി രൂപയും പദ്ധതിയേതരയിനത്തിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്.

ഫുഡ്സേഫ്റ്റി ലാബുകളിൽ NABL അക്രിഡിറ്റേഷൻ

133 (798) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഫുഡ്സേഫ്റ്റി ലാബുകളിൽ NABL അക്രിഡിറ്റേഷൻ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് വേണ്ടിയുള്ള ഭൗതിക സാഹചര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly